"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"

**കേരള പ്രിസൺസ് &**

**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/7827/2025-E1 ; തീയതി: 06-11-2025**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പിന്റെ 07.08.2025 തീയതിയിലെ സ.ഉ (അച്ചടി) നം 13/2025/P&ARD നമ്പർ ഉത്തരവ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha V S

PA TO DGP&CS

സ്വീകർത്താവ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്:
1. ഡി.ഐ.ജി (പ്രിസൺസ്)
   ഉത്തരമേഖല
2. സൂപ്രണ്ട് സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോം
   തിരുവനന്തപുരം
3. വെബ് സൈറ്റ്

കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അതത് വകുപ്പുകളിലെ ക്ലാർക്ക് (എൽ.ഡി. ക്ലാർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അനുവദിച്ചു പോരുന്ന 10% തസ്തികമാറ്റ നിയമനം—സീനിയോറിറ്റിയും ശമ്പള സ്കെയിലും കണക്കാക്കുന്നത്—സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണപരിഷ്കാര(റൂൾസ്-എ) വകുപ്പ്

**സ.ഉ. (അച്ചടി) നമ്പർ 13/2025/P&ARD.** *തിരുവനന്തപുരം, 2025 ആഗസ്റ്റ് 7.*

പരാമർശം:—(1) സ.ഉ.(പി) നമ്പർ 1/2014/ഉ.ഭ.പ.വ. തീയതി 3-1-2014.
(2) സ.ഉ.(പി) നമ്പർ 21/2014/ഉ.ഭ.പ.വ. തീയതി 19-7-2014.
(3) സ.ഉ.(പി) നമ്പർ 16/2015/ഉ.ഭ.പ.വ. തീയതി 28-5-2015.

### ഉത്തരവ്

കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ അതത് വകുപ്പുകളിലെ ക്ലാർക്ക് (എൽ.ഡി ക്ലാർക്ക്), എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ത്തിന്റെ 10%-ൽ തസ്തികമാറ്റ നിയമനം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് entry

GCPT 3/1589/2025/150/S23.

cadre-ലെ സംയോജിത സീനിയോറിറ്റിയാണ് പരിഗണിക്കേണ്ടതെന്ന് പരാമർശം (2), (3) ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഹയർ ഗ്രേഡ് പ്രൊമോഷനും മറ്റും ലഭിക്കുന്നതിനെത്തുടർന്ന് അവരുടെ ശമ്പള സ്കെയിൽ ക്ലാർക്ക് (എൽ. ഡി. ക്ലാർക്ക്)/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ ശമ്പളസ്കെയിലിനേക്കാൾ കൂടുതലാകുന്ന സന്ദർഭങ്ങളിൽ ടി ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതിന് അർഹതയില്ല എന്ന് ചൂണ്ടിക്കാട്ടി വിവിധ കോടതികളിൽ ഹർജികൾ ഫയൽ ചെയ്യുകയും, അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്യുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തസ്തിക മാറ്റ നിയമനത്തിന് എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ പരിഗണിക്കേണ്ടതെന്ന് പരാമർശം (2), (3) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽത്തന്നെ, അപ്രകാരം എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അവരുടെ സീനിയോറിറ്റി അനുസരിച്ച് തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കപ്പെടാൻ അർഹതയുണ്ട്. അതിനാൽ ഇപ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരന് പ്രവേശന തസ്തികയിൽ തന്നെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ഹയർ ഗ്രേഡ് ലഭിച്ചു എന്ന കാരണത്താൽ തസ്തികമാറ്റ നിയമനം നിഷേധിക്കുന്നത് ഉചിതമല്ലായെന്ന് സർക്കാർ നിരീക്ഷിക്കുന്നു.

3. മേൽ സാഹചര്യത്തിൽ, ക്ലാർക്ക് (എൽ.ഡി. ക്ലാർക്ക്), എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള തസ്തികമാറ്റ നിയമനം അനുവദിക്കേണ്ടത് ജീവനക്കാരുടെ എൻട്രി കേഡർ സീനിയോറിറ്റി പ്രകാരമാണ് എന്നും, ആയതിന് തസ്തിക മാറ്റം അനുവദിക്കുന്ന സമയത്തെ ശമ്പള സ്കെയിൽ കണക്കിലെടുക്കേണ്ടതില്ലെന്നും വ്യക്തമാക്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ. എ. എസ്.,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

<u>പകർപ്പ് :</u>

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറി മാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറി മാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.

വിവര പൊതുജനസമ്പർക്ക (Web and New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-ബി, സി. ഉപദേശം-എ, ബി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.